I/90559/2023

**ഭരണഭാഷ - മാതൃഭാഷ**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ് (LID&EW)
അഞ്ചാം നില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം - 695003.

Phone : 0471-2324951
0471-2324030
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. LIDEW/7/2023-DB6/സിഇ/തസ്വഭവ** **തീയതി 04-04-2023**

**സർക്കുലർ**

വിഷയം :- തസ്വഭവ (LID&EW) – തദ്ദേശ സ്വയം ഭരണ വകുപ്പിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഇ-ടെണ്ടർ മുഖാന്തിരം നടത്തുന്നത് - സംബന്ധിച്ച്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം 1 ലക്ഷം രൂപയിൽ അധികരിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഇ-ടെണ്ടർ മുഖാന്തിരം ആയിരിക്കണമെന്ന് ഉത്തരവുള്ളതാണ്.

കൂടാതെ ധനകാര്യ വകുപ്പിന്റെ 17-06-2022 ലെ G.O.(P)No.66/2022/Fin ഉത്തരവ് പ്രകാരം ടെൻഡർ നടപടികൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ, എസ്റ്റിമേറ്റ് തുക പരിധിയില്ലാതെ ഇ-ടെൻഡറിൻ്റെ പരിധിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തുടർന്ന് G.O.(Ms)No.204/2022/Fin Dated 20-11-2022 ഉത്തരവ് പ്രകാരം അഞ്ച് ലക്ഷത്തിൽ താഴെ അടങ്കൽ തുക വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കരാറുകാരുടെ നിരന്തര ആവശ്യപ്രകാരമാണ് ചെറിയ പ്രവൃത്തികൾക്കും സുതാര്യമായ ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. മാന്വൽ ടെൻഡർ ഒഴിവാക്കി മത്സരാധിഷ്ഠിത ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയാൽ സർക്കാരിന് വരുന്ന സാമ്പത്തിക ബാധ്യത കുറവായിരിക്കും. ആയതിനാൽ ഏപ്രിൽ1 മുതൽഎല്ലാ പ്രവൃത്തികൾക്കും ഇ ടെൻഡർ ബാധകമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

Signed by
Sandeep K G
Date: 04-04-2023 08:43:13
CHIEF ENGINEER